**Fr.Runo Varghese Poolon**

Public Relation Officer

Chaldean Syrian Church of the East

E-mail : runovarghese@gmail.com

Ph: 9446410274, 0487- 2428274

# കൽദായ സഭ പാതൃയർക്കീസ് തിരഞ്ഞെടുപ്പ് നീട്ടിവെച്ചു.

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ സിനഡ് ദിവംഗതനായ പാതൃയർക്കീസ് മാറൻ മാർ ദിൻഹ നാലാമന്റെ പിൻഗാമിയായ പുതിയ പാതൃയർക്കീസിനെ തിരഞ്ഞെടുക്കുന്നത് സെപ്തംബർ 16 ലേക്ക് നീട്ടിവെച്ചു. പാതൃയർക്കാ സിംഹാസനത്തിന്റെ ചുമതല വഹിക്കുന്ന ഇന്ത്യയിലെ സഭാമേലദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ.മാർ അപ്രേം മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ഇറാഖിലെ ദൊഹുക്കിൽ ആഗോള സഭയിലെ ബിഷപ്പുമാർ പങ്കെടുത്ത സിനഡിന്റേതാണ് ഈ തീരുമാനം. ഇറാഖ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മെത്രാൻകക്ഷി വിഭാഗത്തിന്റെ തലവൻ മാർ അദ്ദായ് പാതൃയർക്കീസിന്റെ കീഴിലുള്ള ഏൻഷ്യന്റ് ചർച്ച് ഓഫ് ദ ഈസ്റ്റുമായി ഐക്യത്തിനുള്ള സാധ്യതകൾ പരിഗണിച്ച് കൂടുതൽ ചർച്ചകൾ ആവശ്യമായതിനാലാണ് പാതൃയർക്കീസ് തിരഞ്ഞെടുപ്പ് നീട്ടിവെക്കുന്നതെന്ന് പാതൃയർക്കൽ വികാർ ഡോ.മാർ അപ്രേം മെത്രാപ്പോലീത്ത പറഞ്ഞു. 1995 ൽ ഇന്ത്യയിലെ സഭ ബാവ-മെത്രാൻ കക്ഷി ഭിന്നതകൾ അവസാനിപ്പിച്ച് യോജിച്ചപ്പോൾ ഇന്ത്യക്ക് പുറത്ത് അത് നിലനിന്നിരുന്നു. ഇപ്പോൾ ഐക്യത്തിനുള്ള അനുകൂലസാഹചര്യമായതിനാൽ ഇരുകക്ഷികളും ചർച്ചകളിലൂടെ ഭിന്നതകൾ പരിഹരിച്ച് ഐക്യതയോടെ പുതിയ പാതൃയർക്കീസിനെ തിരഞ്ഞെടുക്കുകയാണ് വേണ്ടതെന്ന് ഇരുകക്ഷികളുടേയും ഭാഗത്തുനിന്ന് അഭിപ്രായം ഉയർന്നിട്ടുണ്ട്. ജൂലായ് 22 ന് അമേരിക്കയിലെ ഷിക്കാഗോയിൽ നടക്കുന്ന ഏൻഷ്യന്റ് ചർച്ച് സിനഡിന്റെ തീരുമാനം അറിഞ്ഞശേഷം യോജിപ്പിലെത്തുകയാണെങ്കിൽ സെപ്തംബർ 16 ന് ഇറാഖിൽ ചേരുന്ന സിനഡിൽ ഇരുകക്ഷികളും ഒന്നായി പുതിയ കഥോലിക്കോസ് പാതൃയർക്കീസിനെ തിരഞ്ഞെടുക്കും. സെപ്തംബർ 27 ന് സ്ഥാനാരോഹണശുശ്രൂഷയും നടക്കും. ഇറാഖിലും സിറിയയിലും മതതീവ്രവാദികൾ നിരപരാധികളെ കൊന്നൊടുക്കുന്നതും നിർബന്ധിത മതംമാറ്റത്തിന് ഭീഷണിപ്പെടുത്തുന്നതും ശക്തമായി സിനഡ് അപലപിച്ചു. ജനിച്ചുവീണ മണ്ണിൽ മതസ്വാതന്ത്ര്യം നിഷേധിക്കുന്നത് മനുഷ്യാവകാശലംഘനമാണെന്നും രാഷ്ട്രത്തലവൻമാർ ഇതിനെതിരായി സംഘടിക്കണമെന്നും സിനഡ് ആവശ്യപ്പെട്ടു. സിറിയയിൽ ഐ എസ് ബന്ധികളാക്കിയ 200 വിശ്വാസികളുടെ മോചനത്തിനു വേണ്ടി ബിഷപ്പ് മാർ അപ്രേം അത്നിയേൽ പരിശ്രമിക്കുകയാണെന്ന് സിനഡ് അറിയിച്ചതായി കൽദായ സഭ പി.ആർ.ഒ ഫാ.റൂണോ വർഗ്ഗീസ് പൂലോൻ അറിയിച്ചു.

Sd/-

ഫാ.റൂണോ വർഗ്ഗീസ് പൂലോൻ

പി.ആർ.ഒ